DESPATCHED
On..21.9.22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1073(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8634/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 22.09.2022

ശ്രീ. വി. സുരേഷ് കുമാർ,
വള്ളിപ്പാറ തടത്തരികത്ത് വീട്,
വള്ളിപ്പാറ, ആലമുക്ക്,
പൂവ്വച്ചൽ പി.ഒ,
തിരുവനന്തപുരം – 695 575.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/07/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05/08/2021 |

## ഉത്തരവ്

അപേക്ഷകനായ ശ്രീ.വി. സുരേഷ് കുമാറിന് എതിരെ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സിഎംഡി ഓഫീസിൽ നിന്നും ലഭിച്ച കുറ്റപത്രത്തിന് ടിയാൻ എഴുതി നൽകിയ മറുപടി പ്രകാരം സ്വീകരിച്ച

നടപടിയുടേയും മറ്റും പകർപ്പുകൾ ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2) ടി വിഷയത്തിൽ കമ്മീഷൻ 15.09.2022 ൽ കമ്മീഷൻ ആസ്ഥാനത്ത് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷികൾ ഹാജരായി. ഹർജിക്കാരൻ അപേക്ഷ നൽകിയ സമയത്ത് ടി ഫയൽ കേസിന്റെ നടപടികളിൽ ഇരുന്നതു കൊണ്ടാണ് മറുപടി നൽകാൻ കഴിയാതിരുന്നതെന്നും ഫയലിൽ നടപടികൾ പൂർത്തിയായതിനെ തുടർന്ന് ഹർജിക്കാരന് വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷികൾ കമ്മീഷനെ ബോധ്യപ്പെടുത്തി. അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ ലഭ്യമാക്കുകയും ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ച് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 22-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM